ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:10.12.2025**

## പ്രധാനവാർത്തകൾ

1. **പാർലമെന്റിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ചകൾ ഇന്ന് ലോക്സഭയിൽ.**
2. **മനുഷ്യാവകാശ തത്വങ്ങളോടുള്ള ഇന്ത്യയുടെ സുസ്ഥിരമായ പ്രതിബദ്ധത ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു.**
3. **സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ട വോട്ടെടുപ്പിനായുള്ള ഒരുക്കങ്ങൾ പൂർത്തിയായി. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിൽ നാളെ വിധിയെഴുത്ത്.**
4. **കേരളത്തിൽ രണ്ട് കോടി 73 ലക്ഷത്തി 67,000 ത്തിൽപ്പരം എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ.**
5. **ശബരിമലയിൽ ഭക്തജന തിരക്ക് വർദ്ധിക്കുന്നു. തങ്കയങ്കി ചാർത്തിയുള്ള ദീപാരാധന ഈ മാസം 26ന്.**
6. **ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി- ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ ചണ്ഡീഗഢിൽ.**

RNU TVPM

## പാർലമെൻറ്

പാർലമെന്റിന്റെ ശീതകാല സമ്മേളനം പുരോഗമിക്കുന്നു. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ സംബന്ധിച്ച ചർച്ചകൾ ലോക്സഭയിൽ പുനരാരംഭിച്ചു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ചർച്ചയ്ക്ക് ഇന്ന് മറുപടി നൽകും.

ദേശീയ ഗീതമായ വന്ദേ മാതരത്തിൻറെ 150-ാാം വാർഷികത്തെക്കുറിച്ചുള്ള ചർച്ച രാജ്യസഭയിൽ ഇന്ന് പുനരാരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**മനുഷ്യാവകാശ ദിനാഘോഷം**

ഇന്ന് അന്താരാഷ്ട്ര മനുഷ്യാവകാശ ദിനം. 1948-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭ മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനം അംഗീകരിച്ചതിൻറെ ഓർമയ്ക്കാണ് ഡിസംബർ 10 അന്താരാഷ്ട്ര മനുഷ്യാവകാശ ദിനമായി ആചരിക്കുന്നത്. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന മനുഷ്യാവകാശ ദിന പരിപാടികളിൽ രാഷ്ട്രപതി ദ്രൗപദി മുർമ്മു മുഖ്യാതിഥിയായി പങ്കെടുത്തു. മനുഷ്യാവകാശ തത്വങ്ങളോടുള്ള ഇന്ത്യയുടെ സുസ്ഥിരമായ പ്രതിബദ്ധത ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടതായി രാഷ്ട്രപതി പറഞ്ഞു. സ്ത്രീശാക്തീകരണമാണ് മനുഷ്യാവകാശങ്ങളുടെ പ്രധാന സ്തംഭമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു. സംസ്ഥാന -

PNUTVPM

മനുഷ്യാവകാശ കമ്മീഷൻറെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച മനുഷ്യാവകാശ ദിനാഘോഷം മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. മനുഷ്യാവകാശ സംരക്ഷണം ഉറപ്പു വരുത്താൻ കേരളം ഒരോ ദിവസവും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതായി മന്ത്രി പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

**രണ്ടാംഘട്ട വോട്ടെടുപ്പ് (ഇൻട്രോ)**

തദ്ദേശ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട വോട്ടെടുപ്പ് നാളെ നടക്കും. ഇന്ന് നിശബ്ദ പ്രചാരണമാണ്. തൃശൂർ മുതൽ കാസർകോട് വരെയുള്ള ഏഴ് ജില്ലകളിലാണ് വോട്ടെടുപ്പ്.

***വിശദാംശങ്ങളിലേക്ക്......***
***(ഹോൾഡ് വോയ്സ്......)***

RNUTVPM

❋❋❋❋❋❋❋❋❋❋❋❋❋

**രണ്ടാംഘട്ട വോട്ടെടുപ്പ് (വോയിസ്)**

രാവിലെ 7 മുതൽ വൈകുന്നേരം 6 മണിവരെയാണ് വോട്ടെടുപ്പ്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലെ 12,391 വാർഡുകളിലേയ്ക്കാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. ഒരു കോടി 53 ലക്ഷത്തി 37,176

വോട്ടർമാരും, 38,994 സ്ഥാനാർത്ഥികളുമുണ്ട്. രണ്ടാംഘട്ടത്തിൽ ആകെ 18,274 പോളിങ് സ്റ്റേഷനുകളാണുള്ളത്. ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളുടെയും, തിരഞ്ഞെടുപ്പ് സാമഗ്രികളുടെയും വിതരണം രാവിലെ ആരംഭിച്ചു. പോളിംഗ് സ്റ്റേഷനുകളായും, വിതരണ - സ്വീകരണ കേന്ദ്രങ്ങളായും നിശ്ചയിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളടക്കം കേന്ദ്രങ്ങൾക്ക് ഇന്നും, വോട്ടെടുപ്പ് ദിവസമായ നാളെയും അവധി നൽകിയിട്ടുണ്ട്. വോട്ടെണ്ണൽ കേന്ദ്രങ്ങളായി നിശ്ചയിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വെള്ളിയാഴ്ചയും, ശനിയാഴ്ചയും അവധിയാണ്.

ന്യൂസ് ഡെസ്ക് ആകാശവാണി

RNU TVPM

## തിരിച്ചറിയൽ രേഖ

വോട്ട് രേഖപ്പെടുത്താൻ എത്തുന്ന സമ്മതിദായകർ തിരിച്ചറിയൽ രേഖകൾ കൈയിൽ കരുതണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ തിരിച്ചറിയൽ കാർഡ്, തിരഞ്ഞെടുപ്പ് കമ്മീഷൻറെ വോട്ടർ സ്ലിപ്പ്, പാസ്സ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, പാൻ കാർഡ്, ആധാർ കാർഡ്, ഫോട്ടോ പതിച്ച എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരഞ്ഞെടുപ്പ് തീയതിക്ക് ആറു മാസക്കാലയളവിന് മുൻപ് വരെ നൽകിയിട്ടുള്ള ഫോട്ടോ പതിച്ച പാസ് ബുക്ക്

എന്നിവയിൽ ഏതെങ്കിലും ഒരെണ്ണം തിരിച്ചറിയൽ രേഖയായി ഹാജരാക്കാം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ജീവനക്കാർക്ക് നൽകുന്ന ഓഫീസ് ഐഡി കാർഡ് കൂടി രേഖയായി ഉപയോഗിക്കാമെന്ന് കമ്മീഷൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**തിരഞ്ഞെടുപ്പ് ആദ്യഘട്ടം**

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടെടുപ്പ് ഇന്നലെ അവസാനിച്ചു. ആകെ 70.91 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ഏഴു ജില്ലകളിലാണ് ഇന്നലെ വോട്ടെടുപ്പ് നടന്നത്. ഇരു ഘട്ടങ്ങളിലും ഈ മാസം 13 നാണ് വോട്ടെണ്ണൽ.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**റീപോളിംഗ്**

ആലപ്പുഴ, മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് വാർഡിലെ ഒന്നാം പോളിംഗ് ബൂത്തായ മണ്ണഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിൽ നാളെ റീപോളിംഗ് നടത്തും. വോട്ടിംഗ് മെഷീനിലെ തകരാറുമൂലം ഇന്നലെ വോട്ടെടുപ്പ് പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് റീപോളിംഗ് .

❁❁❁❁❁❁❁❁❁❁❁❁❁

## തിരഞ്ഞെടുപ്പ് ബോധവത്കരണം(ഇൻട്രോ)

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സമ്മതിദായകർ അറിഞ്ഞിരിക്കേണ്ട പ്രധാന വിവരങ്ങൾ കൂടി ആകാശവാണി വാർത്തകളിൽ ഉൾപ്പെടുത്തുകയാണ്. ഇന്ന് വോട്ടെണ്ണലിനെയും സത്യപ്രതിജ്ഞയേയും കുറിച്ച് മനസ്സിലാക്കാം......

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## തിരഞ്ഞെടുപ്പ് ബോധവത്കരണം (വോയിസ്)

ശനിയാഴ്ച രാവിലെ 8 മണിമുതൽ , ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം തപാൽ വോട്ടുകളാണ് എണ്ണുന്നത്. തുടർന്ന് വോട്ടിംഗ് മെഷിനിലെ വോട്ടുകൾ എണ്ണും. ഒരു വാർഡിലെ എല്ലാ പോളിംഗ് സ്റ്റേഷനുകളിലേയും വോട്ടുകൾ ഒരേ ടേബിളിലായിരിക്കും എണ്ണുക. വോട്ടെണ്ണൽ പുരോഗതി TREND Software ലൂടെ ലഭ്യമാക്കും. തദ്ദേശസ്ഥാപനങ്ങളുടെ നിലവിലെ ഭരണസമിതിയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് പുതിയതായി തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളും കൗൺസിലർമാരും സത്യപ്രതിജ്ഞ ചെയ്യേണ്ടതുണ്ട്. സത്യപ്രതിജ്ഞ തീയതിയും ആദ്യയോഗം വിളിച്ചുചേർക്കുന്നത് സംബന്ധിച്ചും സർക്കാർ

മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കും. അതനുസരിച്ചുള്ള തുടർനടപടി ബന്ധപ്പെട്ട വരണാധികാരികൾ സ്വീകരിക്കും. അംഗങ്ങളുടെ സത്യപ്രതിജ്ഞക്ക് ശേഷം കമ്മീഷൻ നിശ്ചയിക്കുന്ന തീയതികളിൽ ഗ്രാമപഞ്ചായത്ത് ,ബ്ലോക്ക് പഞ്ചായത്ത് ,ജില്ലാ പഞ്ചായത്ത്, മുൻസിപ്പാലിറ്റി , കോർപ്പറേഷൻ എന്നിവയിലെ അധ്യക്ഷൻ, ഉപാധ്യക്ഷൻ, സ്റ്റാൻഡിംഗ് കമ്മിറ്റി തിരഞ്ഞെടുപ്പുകളും നടത്തും. നിർദിഷ്ട തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിന് ശേഷം തിരഞ്ഞെടുക്കപ്പെടുന്നവർ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മുൻപാകെ സത്യപ്രതിജ്ഞ ചെയ്ത് ചുമതല ഏൽക്കും .

ന്യൂസ് ഡസ്ക് ആകാശവാണി.....

RNUTVPM

**വ്യാജരേഖ**

വ്യാജ രേഖ സമർപ്പിച്ച് വോട്ടർ പട്ടികയിൽ പേര് ചേർത്തെന്ന പരാതിയിൽ മലപ്പുറം പുളിക്കൽ പഞ്ചായത്തിലെ മൂന്ന് പേർക്കെതിരെ കൊണ്ടോട്ടി പൊലീസ് കേസെടുത്തു. പേരു ചേർത്തയാൾ, പേരു ചേർത്തയാളുടെ പിതാവ്, പുളിക്കൽ പഞ്ചായത്തിലെ വാർഡ് 16 ൽ മത്സരിക്കുന്ന സിപിഎം സ്ഥാനാർഥി എന്നിവർക്കെതിരെയാണ് കേസ്. 18 വയസ്സ് തികയാത്ത ആളുടെ എസ്എസ്എൽസി സർട്ടിഫിക്കറ്റിലെ

ജനനത്തീയതിൽ കൃത്രിമം നടത്തി, വ്യാജ രേഖകൾ സമർപ്പിച്ചു എന്നാണ് കേസ്.

❁❁❁❁❁❁❁❁❁❁❁❁❁

**പ്രത്യേക വാർത്താബുള്ളറ്റിൻ**

തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രത്യേക വാർത്താ ബുള്ളറ്റിനുകൾ ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം പ്രക്ഷേപണം ചെയ്യും. നാളെ രാവിലെ 9.55, വൈകിട്ട് 3.30, 4.30 എന്നീ സമയങ്ങളിൽ അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള ബുള്ളറ്റിനുകളിലൂടെ വോട്ടെടുപ്പിന്റെ തത്സമയ വിവരങ്ങൾ ശ്രോതാക്കളിൽ എത്തിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

**എസ്.ഐ.ആർ-കേരളം**

സംസ്ഥാനത്ത് ഇന്നലെ വരെ രണ്ട് കോടി 73 ലക്ഷത്തി 67,000 ത്തിൽപരം എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്തതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 98. 26 ശതമാനമാണിത്.

❁❁❁❁❁❁❁❁❁❁❁❁❁

**എന്യൂമറേഷൻ ഫോമുകൾ**

PNUTVPM

എസ്ഐആറിൻ്റെ ഭാഗമായി എന്യൂമറേഷൻ ഫോമുകൾ കൈപ്പറ്റിയിട്ടുള്ള വോട്ടർമാർ അത് പൂരിപ്പിച്ച് അടുത്തുള്ള വില്ലേജ് ഓഫീസുകളിലോ, താലൂക്ക് ഓഫീസുകളിലോ, ബി.എൽ.ഒമാരെയോ ഏൽപ്പിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരി നിർദ്ദേശം നൽകി. തദ്ദേശ തിരഞ്ഞെടുപ്പ് കഴിഞ്ഞ സാഹചര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ എസ്.ഐ.ആറുമായി പൂർണ്ണമായും സഹകരിക്കണമെന്നും ജില്ലാ കളക്ടർ ആവശ്യപ്പെട്ടു.

**ദീപാവലി- യുനസ്കോ**

രാജ്യത്തെ പ്രമുഖ സാംസ്കാരിക, ആത്മീയ ഉത്സവങ്ങളിലൊന്നായ ദീപാവലിയെ അദൃശ്യ സാംസ്കാരിക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി യുനെസ്കോ . ന്യൂഡൽഹിയിലെ ചുവപ്പു കോട്ടയിൽ നടന്ന സാംസ്കാരിക പൈതൃക സംരക്ഷണത്തിനായുള്ള ഭരണകൂട ഐക്യസമിതിയുടെ 20 ആമത് സെഷനിലാണ് ഈ പ്രഖ്യാപനം.

**ശബരിമല (ഇൻടോ)**

ശബരിമലയിൽ തിരക്ക് വർദ്ധിക്കുന്നു. കാനനപാതയിലൂടെ എത്തുന്ന

RNUTVPM

തീർഥാടകർ ഉരക്കുഴി വെള്ളച്ചാട്ടത്തിലേക്ക് പോകുന്നത് കഴിവതും ഒഴിവാക്കണമെന്ന് വനംവകുപ്പ് നിർദേശിച്ചു.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്. ശ്രീധർ.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ക്രിക്കറ്റ്**

അഞ്ച് മത്സരങ്ങളുള്ള ഇന്ത്യ-ദക്ഷിണാഫ്രിക്ക ട്വന്റി- ട്വന്റി ക്രിക്കറ്റ് പരമ്പരയിലെ രണ്ടാമത്തെ മത്സരം നാളെ ചണ്ഡീഗഢിൽ നടക്കും. വൈകുന്നേരം 7 മണിക്കാണ് മത്സരം.ഇന്നലെ ഒഡിഷയിൽ നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ വിജയിച്ചു. 176 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക 74 റൺസ് നേടുന്നതിനിടെ എല്ലാവരും പുറത്തായി.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**വനിതാ ഹോക്കി**

എഫ്ഐഎച്ച് ഹോക്കി ജൂനിയർ വനിതാ ലോകകപ്പ് യോഗ്യതാ മത്സരത്തിൽ ഉറുഗ്വേയെ പരാജയപ്പെടുത്തി ഇന്ത്യ . സാന്റിയാഗോയിൽ നടന്ന മത്സരത്തിൽ ഓരോ ഗോൾ നേടി സമനിലയിൽ അവസാനിച്ച

കളിയിൽ ഷൂട്ടൗട്ടിലൂടെ ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് ഇന്ത്യ വിജയം നേടിയത് . നാളെ നടക്കുന്ന മത്സരത്തിൽ ഇന്ത്യ സ്പെയിനിനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

**അഡ്മിറൽ കപ്പ്**

അഡ്മിറൽ കപ്പിനായുള്ള പതിനാലാമത് പായ് വഞ്ചിയോട്ട മത്സരം ഏഴിമലയിൽ പുരോഗമിക്കുന്നു. 30ലേറെ രാജ്യങ്ങളിൽ നിന്നുള്ള നാവിക സേനാംഗങ്ങൾ ആണ് എട്ടിക്കുളം ബീച്ചിൽ നടക്കുന്ന വഞ്ചിയോട്ട മത്സരത്തിൽ പങ്കെടുക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല സ്വർണപാളി**

കേസ് രേഖകൾ ആവശ്യപ്പെട്ടുള്ള ഇ.ഡി. അപേക്ഷ പരിഗണിക്കുന്നത് കൊല്ലം വിജിലൻസ് കോടതി ഈ മാസം 17ലേക്ക് മാറ്റി. രേഖാമൂലം എതിർപ്പ് അറിയിക്കാൻ കൂടുതൽ സമയം വേണമെന്ന് എസ്.ഐ.ടി.ക്ക് വേണ്ടി പ്രോസിക്യൂഷൻ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**ഐ എഫ് എഫ് കെ**

30-ാമത് ഐ.എഫ്.എഫ്.കെ അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് മറ്റന്നാൾ തിരുവനന്തപുരം

RNU TVPM

നിശാഗന്ധി ഓഡിറ്റോറിയത്തിൽ തിരി തെളിയും. ചലച്ചിത്രമേളയിൽ ഫീമെയിൽ ഫോക്കസ് വിഭാഗത്തിൽ അഞ്ച് വനിത സംവിധായകരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കും. ഉദ്ഘാടന ചിത്രമായി ആൻമേരി ജാസിർ സംവിധാനം ചെയ്ത 'പലസ്തീൻ 36' പ്രദർശിപ്പിക്കും.

## ഞവരഅരി

ഔഷധ ഗുണമേറിയ ഞവര അരിയെ ലോക ശ്രദ്ധയിൽ കൊണ്ടുവന്ന ഞവര ഉണ്ണി എന്നറിയപ്പെടുന്ന പാലക്കാട് ചിറ്റൂർ പൊട്ടേത്ത് നാരായണനുണ്ണി അന്തരിച്ചു. 67 വയസ്സായിരുന്നു. സംസ്കാരം രാവിലെ വീട്ടുവളപ്പിൽ നടന്നു.

RNU TVPM

## സ്വർണം -ഓഹരി

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 73 പോയിന്റ് നഷ്ടത്തിൽ 84,593ലും, നിഫ്റ്റി 8 പോയിന്റ് നഷ്ടത്തിൽ 25,831 ലും വ്യാപാരം തുടരുന്നു.

സ്വർണ വിലയിൽ വർധന.സ്വർണം ഗ്രാമിന് 80 രൂപ ഉയർന്നു 11,945 രൂപയും,പവന് 640 രൂപ വർധിച്ചു 95,560 രൂപയുമാണ് ഇന്നത്തെ വില.

## കടുവ-സെൻസെസ്

നിലമ്പൂർ വനത്തിൽ എട്ടു ദിവസം നീണ്ടുനിന്ന കടുവകളുടെ കണക്കെടുപ്പ് അവസാനിച്ചു. റെയ്ഞ്ച് ഓഫീസ് പരിധിയിലുള്ള വനമേഖലകളെ ബ്ലോക്കുകളായി തിരിച്ചാണ് സെൻസസ് നടത്തിയത്. ഫോറസ്റ്റർ ഉൾപ്പെടെയുള്ള സംഘമാണ് നിരീക്ഷണം നടത്തിയത്.

RNU TVPM